THURSDAY 04-08-2022 വ്യാഴാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : Suraj S** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-04/08/2022.

1. ആലുവ സ്റ്റേറ്റ് സീഡ് ഫാമിലെ സമഗ്ര അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഉദ്ഘാടനം ഇന്ന് (ആഗസ്റ്റ് 4) രാവിലെ 9 മണിക്ക് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും. ആലുവ എം.എൽ.എ. അൻവർ സാദത്ത് ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും.

2. കർഷകരുടെ കൃഷിയിടം സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾ വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി വെള്ളായണി ദക്ഷിണമേഖലാ പ്രാദേശിക ഗവേഷണകേന്ദ്രം **'കർഷകസാന്ത്വനം'** എന്ന പദ്ധതി നടത്തിവരുന്നു. കാലവർഷക്കെടുതിയിൽ ദുരിതബാധിതരായ കർഷകർക്ക് സഹായങ്ങൾ എത്തിക്കുന്നതിനായി കർഷകസാന്ത്വനം ഹെൽപ്ഡെസ്ക്ക് രൂപീകരിച്ചിട്ടുണ്ട്. ഇനി പറയുന്ന നമ്പരുകളിൽ വിളിച്ചോ മെസ്സേജ്അയച്ചോ സഹായം തേടാവുന്നതാണ്. ബന്ധപ്പെടേണ്ട വിദഗ്ദ്ധരുടെ നമ്പരുകൾ

1 ഡോ. സന്തോഷ്കുമാർ ടി ( കീടനിയന്ത്രണം, പൊതുവായകാർഷികപ്രശ്നങ്ങൾ ) - **8547058115**

2 ഡോ .ഹീര ജി ( രോഗനിയന്ത്രണം , കൂൺകൃഷി ) - **8921541980**

3 ഡോ . ശ്രീകല ജി.സ് ( സുഗന്ധവിള-വാണിജ്യവിളപരിപാലനം ) -**8547105571**

4 ഡോ.അമൃത വി സ് (തേനീച്ചവളർത്തൽ ) - 9447428656

5 ഡോ.അമീന എം ( വിളപരിപാലനം ) - 9446177109

6. ഡോ രേഖ വി ആർ നായർ (മണ്ണുപരിപാലനം)- 9946464347

3. കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ കർഷകർക്കായി കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന വിഭാഗം, സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഹെൽപ് ഡെസ്ക് പ്രവർത്തനമാരംഭിച്ചു. **8111844463** എന്ന വാട്സാപ്പ് നമ്പറിൽ കൃഷി സംബന്ധമായ സംശയങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്. എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10 മുതൽ 5 വരെ **0487 2371104** എന്ന ലാൻഡ് ലൈൻ ഫോൺ നമ്പറിലും സേവനം ലഭിക്കുന്നതാണ്. സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ

ഫേസ്ബുക്ക് പേജ് (https://www.facebook.com/CTIMannuthyKau) വഴിയും കർഷകർക്ക് സംശയനിവാരണം നടത്താവുന്നതാണ്.

4. കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ കർഷകർക്കായി കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട് ഒരുക്കിയിരിക്കുന്ന ഹെൽപ്പ് ഡെസ്ക്കിലേക്ക് ബന്ധപ്പെടാവുന്നതാണ്. ഹെൽപ്പ് ഡെസ്ക്ക് നമ്പർ **0466 2212279, 0466 2912008.**

5. കോട്ടയം മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിട കോഴിക്കുഞ്ഞുങ്ങളെ ഇരുപത്തിരണ്ടു (22/-) രൂപ നിരക്കിലും പൂവൻ കുഞ്ഞുങ്ങളെ പത്തു (10/-) രൂപ നിരക്കിലും വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **0481–2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 04) രാവിലെ 11 മണിക്ക് **തീറ്റപ്പുൽകൃഷിയിലെ നൂതന കൃഷിരീതികൾ** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. വെള്ളായണി റിസർച്ച് ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം ജില്ലയിലെ കർഷകർക്കും കർഷക കൂട്ടായ്മകൾക്കുമായി ട്രാക്ടർ, ഞാറുനടീൽ യന്ത്രം, പവ്വർ ടില്ലർ, ഗാർഡൻ ടില്ലർ, മിനി ടില്ലർ, സ്പ്രേയർ കൂടാതെ വിവിധ ചെറുകിട കാർഷിക യന്ത്രങ്ങൾ എന്നിവയിൽ മൂന്ന് ദിവസത്തെ പരിശീലനം സംഘടിപ്പിയ്ക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ സഹിതം rttctvpm@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു നൽകുകയോ, ട്രെയിനിംഗ് സെന്ററുമായി നേരിട്ട് ബന്ധപ്പെടുകയോ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **9383470314, 9383470315** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. റബ്ബർബോർഡ് റബ്ബർനടീലിൽ ഈ മാസം 10-ന് (ആഗസ്റ്റ് 10) ഉച്ചയ്ക്ക് 2.30 മണി മുതൽ 4.30 മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. **റബ്ബർനടീൽ, പരിപാലനം, ഇടവിളക്കൃഷി, കളനാശനം** എന്നിവ ഉൾപ്പെടുന്നതാണ് പരിശീലനപരിപാടി. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ, **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ, training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന പരിശീലന കേന്ദ്രത്തിൽ ഈ മാസം **24,25 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 26-ന് കാടവളർത്തൽ, 29,30 തീയതികളിൽ പശുവളർത്തൽ** തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479-2457778, 0479-2452277** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

10. **പാലക്കാട് കൃഷിവിജ്ഞാന കേന്ദ്രം നൽകുന്ന ജാഗ്രതാനിർദ്ദേശങ്ങൾ**

- ✓ അഴുകലിൽ നിന്ന് വിളകളെ സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ കൃത്യമായ നീർവാർച്ച സൗകര്യം ഒരുക്കുക.
- ✓ വളപ്രയോഗവും വിത്ത് വിതയ്ക്കലും കഴിവതും കാലാവസ്ഥ അനുയോജ്യമാകുന്നത് വരെ മാറ്റി വയ്ക്കുക.
- ✓ മഴയില്ലാത്ത സാഹചര്യങ്ങളിൽ മാത്രം വളവും കീടനാശിനികളും പ്രയോഗിക്കുക.
- ✓ സ്പ്രെയിങ് അത്യാവശ്യമായി വരുന്ന സാഹചര്യത്തിൽ കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ പശ ചേർത്ത് തളിക്കാൻ ശ്രദ്ധിക്കുക.
- ✓ ശക്തമായ കാറ്റിൽ നിന്നും വാഴ പച്ചക്കറികൾ എന്നിവയെ രക്ഷിക്കുന്നതിനായി താങ്ങുകൾ കൊടുക്കുക.
- ✓ കാർഷിക ഉത്പന്നങ്ങൾ, വളങ്ങൾ, തീറ്റ എന്നിവ തുറസ്സായ സ്ഥലങ്ങളിൽ നിന്നും ഈർപ്പരഹിതമായ സംഭരണ കേന്ദ്രങ്ങളിലേക്ക് മാറ്റുക.